LIBRARY ARCHIVES Kerala Legislative Assembly

മറ്റു വകുപ്പുകളിൽ നിന്നും നിയമനം ലഭിച്ചവർ

1.	ശിശുപാലൻ കെ.	- 21-7-2000
2.	കെ. വിജയകുമാർ	- 31-7-2000
3.	കെ. എം. ലീല	- 13-10-2000
4.	ബി. പ്രതാപചന്ദ്രൻ	- 13-12-2000
5.	എൻ. ഷാജികുമാർ	- 17-3-2001
6.	ജി. ശ്രീകുമാർ	- 17-4-2001
7.	ജി. സതീഷ്കുമാർ	- 14-6-2002
8.	ആർ. സന്തോഷ്	- 28-10-2002
9.	എസ്. വരദരാജൻ	- 28-10-2002
10.	റ്റി. എ. രമാദേവി	- 16-11-2002
11.	എൻ. ജീവൻ	- 29-4-2003
12.	കെ. ജി. സതികുമാരി	- 22-4-2003
13.	ശ്രീകല റ്റി. ആർ.	- 22-4-2003
14.	പി. കെ. ജയമോഹൻ	- 22-4-2003
15.	ആർ. ശരചന്ദ്രകുമാർ	- 22-4-2003
16.	ജി. ജനാർദ്ദനൻ നായർ	- 22-4-2003
17.	റ്റി. രഘുനാഥ്	- 22-4-2003
18.	എ. ഗീത	- 22-4-2003

നീലകണ്ഠകുറുപ്പ് Vs സ്റ്റേറ്റ് ഓഫ് കേരള കേസിലെ വിധി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി

35 (3594) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിൽ ലഭ്യമാണോ ;

(ബി) ഓരോ ജീവനക്കാരനും എന്നാണ് നിയമവകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും ഏത് കാറ്റഗറിയിൽപ്പെട്ടവരാണ് അവരെന്നും വ്യക്തമാക്കുന്ന ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നുണ്ടോ ;

(സി) എങ്കിൽ 1997(2) ഐ.എൽ.ആർ. 247 മുതൽ 279 വരെ പേജുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട നീലകണ്ഠക്കുറുപ്പ് Vs സ്റ്റേറ്റ് ഓഫ് കേരള കേസിലെ വിധി നടപ്പാക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേസ് വിധി വന്നശേഷം നിയമ വകുപ്പിൽ നിയമിച്ച ലീഗൽ അസിസ്റ്റന്റുമാർ ആരൊക്കെയാണെന്നും വിധി തീയതി 1996 നവംബർ 22-നു ശേഷം നിയമിക്കപ്പെട്ട ലീഗൽ അസിസ്റ്റന്റുമാർ ആരൊക്കെയാണെന്നും അവർ ഏത് കാറ്റഗറിയിൽപ്പെടുന്നവരാണെന്നും പി.എസ്.സി. നിയമനം ലഭിച്ചവരുടെ അഡ്വൈസ് തീയതി എന്നാണെന്നും ലീഗൽ അസിസ്റ്റന്റുമാർ ഓരോരുത്തരും നിയമവകുപ്പ് സർവ്വീസിൽ ജോയിൻ ചെയ്ത തീയതി എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) നീലകണ്ഠക്കുറുപ്പ് Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിന്റെ വിധി നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് നിയമനത്തിൽ വിധി തീയതിക്കുശേഷം നാളിതുവരെ നടപ്പാകാൻ ബാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) കോടതിവിധി പാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) നിയമ വകുപ്പിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിൽ ലഭ്യമാണ്.

(ബി) ഓരോ ജീവനക്കാരനും എന്നാണ് നിയമവകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും ഏത് കാറ്റഗറിയിൽപ്പെട്ടവരാണ് അവരെന്നും വ്യക്തമാക്കുന്ന ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നുണ്ട്.

(സി) നീലകണ്ഠകുറുപ്പ് Vs സ്റ്റേറ്റ് ഓഫ് കേരള കേസിലെ വിധി നടപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഇ) ബാദ്ധ്യതയുണ്ട്. വിധി നടപ്പാക്കിയിട്ടുണ്ട്.

(എഫ്) നീലകണ്ഠകുറുപ്പ് Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിലെ വിധി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ റൊട്ടേഷൻ സംബന്ധിച്ച് ഇപ്പോൾ ചില കേസുകൾ ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ അവയുടെ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ എടുക്കുന്നതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly